മാള അരവിന്ദൻ

തയ്യാറാക്കിയത്

സംജദ് നാരായണൻ


# എന്റെ സ്വന്തം നമ്പറുകൾ

അഭിനയ സമയത്തുള്ള സ്വന്തം സംഭാവനകളെക്കുറിച്ച് ചോദിച്ചപ്പോൾ മാള അരവിന്ദന് ആദ്യം ഓർമ്മവന്നത് ലോഹിതദാസ് തിരക്കഥയെഴുതി സംവിധാനം ചെയ്ത 'കന്മദം' എന്ന ചിത്രത്തിന്റെ ലൊക്കേഷനാണ്. മലമ്പുഴയ്ക്കടുത്ത് 'കവ' എന്ന സ്ഥലത്താണ് ഷൂട്ടിങ് നടക്കുന്നത്. ചിത്രത്തിൽ 'വേലായുധസ്വാമി' എന്ന അദ്ധ്വാനിക്കാൻ തയ്യാറല്ലാത്ത ഒരു സുഖിമാനായ കഥാപാത്രം. അതാണ് മാള അരവിന്ദൻ ചെയ്യേണ്ട വേഷം. ആ കഥാപാത്രത്തിന്റെ മെച്ചപ്പെടുത്തലിനായി അരവിന്ദൻ ചില അഭിപ്രായങ്ങൾ സംവിധായകനോട് പറഞ്ഞു.


അരവിന്ദൻ പറഞ്ഞ ഒരു സന്ദർഭം ഇതാണ്. താലത്തിൽ ഓടുകൊണ്ടുള്ള പാമ്പിൻ രൂപവുമായി ഭിക്ഷ നടത്തുന്ന വേലായുധ സ്വാമി ഒരു വീട്ടിലേക്ക് കടന്നുചെല്ലുന്നു. അപ്പോഴവിടെ സുന്ദരിയായ ഒരു യുവതിയെ സ്വാമി കാണുന്നു. ഒരു നിമിഷം സൗന്ദര്യത്തിൽ മയങ്ങിയ സ്വാമി ഇങ്ങനെ പറഞ്ഞു തുടങ്ങുന്നു.

''മണ്ണാറശ്ശാലയ്ക്ക് ഒരു വഴി പാടുണ്ടായിരുന്നു.''

ഈ സംഭാഷണം പറയുന്നതോടൊപ്പം തന്നെ സ്വാമിയുടെ വലതുകൈ പാമ്പിൻ രൂപത്തിൽ തട്ടുകയും സ്വാമിതന്നെ ഞെട്ടുകയും ചെയ്യുന്നു. കാരണം സൗന്ദര്യം നോക്കിനിന്ന സ്വാമി താൻ കൊണ്ടുനടക്കുന്ന രൂപം ശരിക്ക് പാമ്പാണെന്നു കരുതി ഞെട്ടിയതാണ്. ഇതെല്ലാം നടക്കുന്നത് ഒരുമിച്ചാണെന്നുള്ളതാണ് പ്രത്യേകത.

കന്മദത്തിന്റെ ഓർമ്മകളിൽ നിന്നും നേരേ പോയത് ഒരു പഴയ ചിത്രമായ 'എന്തിനോ പൂക്കുന്ന പൂക്കൾ' എന്ന സിനിമയുടെ ചിത്രീകരണ അനുഭവങ്ങളിലേക്കാണ്. ചിത്രത്തിന്റെ ഒരു രംഗം കള്ളുഷാപ്പിൽ വെച്ചാണ് എടുക്കുന്നത്. തിരക്കഥാകൃത്ത് സ്ക്രിപ്റ്റിൽ എഴുതിവെച്ചിരിക്കുന്നതിങ്ങനെ. ''ഇവിടെ കുറച്ച് കോമഡി-കള്ളുഷാപ്പ് പശ്ചാത്തലം -മാള, ശങ്കരാടി.''

കള്ളുഷാപ്പിന്റെ ഉള്ളിൽ ചിത്രീകരണത്തിനായി ലൈറ്റുകൾ അറേഞ്ച് ചെയ്തു. അപ്പോൾ മാള ചെന്ന് ശങ്കരാടിയോട് പറഞ്ഞു.





'ഫയൽ'

''ചേട്ടാ.... ഇവിടെയെന്തെങ്കിലും ചെയ്യേണ്ടേ?''

''ഞാനെന്തു ചെയ്യാൻ. നീയെന്തെങ്കിലും ചെയ്യ്'' എന്നായി ശങ്കരാടി.

''അല്ല ചേട്ടാ.... അതിപ്പോ.''

''എടാ.... നീയെന്തെങ്കിലും ചെയ്യന്നേ....''

''എന്നാപ്പിന്നെ നമുക്കിവിടെയൊരു അക്ഷരശ്ലോക സദസ്സ് നടത്തിയാലോ.''

മാള പറയുന്നതുകേട്ട് ശങ്കരാടി ചോദിച്ചു.

''എന്തക്ഷരശ്ലോകം....?''

''അല്ല, ചേട്ടനൊരു പദ്യം ചൊല്ലുക. ഞാനതിന്റെ അർഥം പറയാം. അർഥം തെറ്റിച്ചു പറയുമ്പോൾ കോമഡിയുണ്ടാകുമല്ലോ.''

ഇതുകേട്ട് ശങ്കരാടി ചൊല്ലിത്തുടങ്ങി.

''മോഹം കഹൂ ബഹുകൃതം
കുമജേ ഗുണോദ്യം....
നഗ്നം ദിവം ച കരുണം തവ
പാദപത്മം....''

ചൊല്ലിക്കഴിഞ്ഞ് അർഥം പറയാൻ ശങ്കരാടി മാളയോട് പറഞ്ഞു.

''പറയാം.'' മാള പറഞ്ഞു.

''എന്നാപ്പറയ്'' എന്നായി ശങ്കരാടി.

''പറയാന്നേയ്....''

തിരക്കഥാകൃത്ത് ചിലപ്പോാം സ്ക്രിപ്റ്റിൽ എഴുതിവെക്കും- ''ഇനി ഇവിടെ മാളയുടെ ചില നമ്പറുകാം...., ഇന്നസെൻറിൻെറ സ്വന്തം ഡയലോഗുകാം...., മാമുക്കോയയുടെ, കുഞ്ചൻെറ കുസൃതികാം....'' ഷൂട്ടിങ് സമയത്ത് ചിലപ്പോാം സംവിധായകൻ പറയും-''ഇവിടെ ജഗദീഷ് രണ്ടു നമ്പറിറക്കിയാൽ നന്നായിരിക്കും.....'' ഇങ്ങനെ, അഭിനയസമയത്ത് നടന് തൻേറതായ സംഭാവനകളർപ്പിക്കേണ്ടിവരും. സ്വന്തം ബുദ്ധിയിൽ നിന്ന് അവർ ആഹ്ലാദപൂർവം എടുത്തു വീശുന്ന നമ്പറുകളെക്കുറിച്ച് പറഞ്ഞു തുടങ്ങുകയാണിവിടെ. ആദ്യം മാള അരവിന്ദൻ.

''നീ പറയടാ.''

''ഞാൻ പറയാന്നേ.... ഇതെന്തൊരു പാടാണ്.''

''നിനക്കിതിൻെറ അർഥം അറിയില്ല അതുതന്നെ. എടാ നീയൊരെണ്ണം ചൊല്ല്. അതിൻറർഥം ഞാൻ പറയാം.'' എന്നായി ശങ്കരാടി. ഇതുകേട്ട് മാള തുടങ്ങി.

''പശ്ചാരേഡ്വജതകൃതോ
സാധിപതി
കുത്രേഡുജജാനർ ഗണേഡ്
രോരാഡ രുഡുരഡ രേഡുരൂദ
രദ്രേവേ ഗദ്രാഡരം
ഉദ്ധ്യേ ഠങ്ക് നരഗാസ്ഥി....''

മാള തുടർന്നു. ശ്ലോകം കേട്ട് ശങ്കരാടി കുഴങ്ങി. എന്നിട്ട് അതിൻെറ അർഥം മാളയോടു തന്നെ പറയാൻ പറഞ്ഞു. മാള പറഞ്ഞു, കല്പിച്ചെടുത്ത ഒരർഥം.


''പാശ്ചാത്യ നാടുകളിലെ സ്ത്രീകളുടെ പിൻഭാഗത്തുകൂടി നോക്കിയാൽ....''

''മഹായാനം'' എന്ന ചിത്രത്തിൽ വായ്നോക്കിയായ ഒരു നാട്ടുകാരൻെറ വേഷമായിരുന്നു മാളയ്ക്ക്. ഒരു സന്ദർഭത്തിൽ കള്ളുകുടിച്ച് കാലുറയ്ക്കാതെ വരുന്ന ഈ കഥാപാത്രത്തിൻെറ ഉടുതുണി അഴിഞ്ഞുപോകുന്ന രംഗമുണ്ട് ചിത്രത്തിൽ. അഴിഞ്ഞ മുണ്ട് സ്വന്തം ശരീരത്തിലേക്കടുപ്പിച്ച് ഉടുക്കുന്നതിന് പകരം ശരീരം അകത്തിപ്പിടിച്ച മുണ്ടിലേക്കടുപ്പിക്കാൻ ശ്രമിക്കുന്ന ആ കഥാപാത്രത്തിൻെറ പൊടിക്കൈകാം അരവിന്ദന് സ്വന്തം.

ഭരതൻ സംവിധാനം ചെയ്ത 'വെങ്കല'മാണ് മറ്റൊരു ചിത്രം. ചിത്രത്തിലെ ഒരു രംഗത്തിൽ കെ.പി.എ.സി. ലളിതയും മാള അരവിന്ദനും ഒരുമിച്ച് വരുന്ന സമയത്ത് പെങ്ങളായ ലളിത ആങ്ങളയായ മാളയോട് മരിച്ചുപോയ അവരുടെ ഭർത്താക്കന്മാരെക്കുറിച്ച് പറയുന്നു. രണ്ട് ഭർത്താക്കന്മാരേയും അവർ പുഴവക്കിൽ കണ്ടുവെന്നും അവർക്ക് കർമ്മങ്ങാം ചെയ്യണമെന്ന് ആവശ്യപ്പെട്ടെന്നും ആങ്ങളയായ മാളയോട് പറയുന്നു. മാളയപ്പോാം കുളിക്കാനായി എണ്ണയിട്ടു നിൽക്കുകയാണ്. സ്വന്തം അളിയന്മാരാണെങ്കിലും മരിച്ചുപോയവരെ പുഴവക്കിൽ കണ്ടു എന്നു കേട്ടപ്പോാം മാള വിറയ്ക്കാൻ തുടങ്ങി. എന്നിട്ട് ധൈര്യം സംഭരിച്ച് കുളിക്കടവിലേക്ക് പോയി. പോകുന്ന വഴി 'പങ്കജാക്ഷൻ കടൽ വർണ്ണൻ' എന്ന പാട്ടുപാടി സ്വന്തം നമ്പറുക



ഇന്നസെൻറിനോടൊപ്പം



ഏഴരപ്പൊന്നാന


ളും മാള കാണിക്കുന്നുണ്ടായിരുന്നു. ഇതുകണ്ട് സീനിൽ നിൽക്കുന്ന കാര്യം മറന്ന് കെ.പി.എ.സി. ചിരിച്ചു. ലളിത ചിരിച്ചതുമൂലം ആ രംഗം അഞ്ചുപ്രാവശ്യം ചിത്രീകരിക്കേണ്ടിവന്നു. ചിരിവന്നത് പുറത്തറിയിക്കാതെ ലളിത മാളയെ കുറ്റപ്പെടുത്തി. മാള കാരണമാണ് കൂടുതൽ ടേക്ക് വേണ്ടിവന്നതെന്നൊക്കെ പറഞ്ഞു. അപ്പോൾ ലളിതയുടെ ഭർത്താവും ചിത്രത്തിന്റെ സംവിധായകൻ കൂടിയായ ഭരതൻ ലളിതയോട് പറഞ്ഞു.

''അതേയ്.... നിന്റെ കുറ്റം തന്ന്യാ. നീ ചിരിച്ചതാ പ്രശ്നമായത്. വെറുതെ അരവിന്ദേട്ടനെ പറയണ്ടാ....''

''വെങ്കലം കണ്ടിട്ടുള്ളവർ



ജയ്മാധുരി, മാള - 'ശാന്തിനിലയം'



ക്ക് ഈ കഥാപാത്രം കുളിക്കാൻ പോകാതെ നിൽക്കുന്ന രംഗം ഓർമ്മയുണ്ടാകും. പാട്ടും പാടി വന്നതുപോലെ തരിച്ചു നിൽക്കുന്നുവെന്നുവേണം പറയാൻ. കുളിക്കാതെ നിൽക്കുന്ന മാളയോട് മരുമകൻ മുരളി ചോദിക്കുന്നു.

''അമ്മാവൻ കുളിക്കാൻ പോകുന്നില്ലേ?''

ഇതുകേട്ട് അമ്മാവനായ മാള അമ്മയോട് ''ഞാനിന്ന് കുളിക്കുന്നില്ല.''

''അപ്പോ അമ്മാവൻ എണ്ണയിട്ടതോ?''

''അത് തൊടച്ച് കളയാമല്ലോ....''